IV സബ്മിഷൻ

(1) കോട്ടയം ഡവലപ്പ്മെൻറ് അതോറിറ്റി

ശ്രീ. കാനം രാജേന്ദ്രൻ : സർ, കോട്ടയം ഡെവലപ്പ്മെൻറ് അതോറിറ്റി രൂപീകരിച്ചുകൊണ്ട് ഗവൺമെൻറ് ഈയിടെ ഓർഡർ പുറപ്പെടുവിക്കുകയുണ്ടായി. പ്രാതിനിധ്യ സ്വഭാവത്തോടുകൂടിയുള്ള ഒരു കമ്മിറ്റിയല്ല ഇത്. ഞങ്ങളുടെ എം. പി. യായ സുരേഷ് കുറുപ്പ് ഈ കമ്മിറ്റിയിൽ അംഗമല്ല. ചീഫ് ടൗൺ പ്ലാനർ ഈ അതോറിറ്റിയിൽ അംഗമാകണമെന്നുണ്ട്. അദ്ദേഹത്തെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. മുനിസിപ്പൽ ചെയർമാനായ ജില്ലാ കളക്ടർ പോലും ഇതിൽ അംഗമല്ല. അതുപോലെ രാജ്യസഭാംഗവും കോട്ടയം എം. എൽ. എ. യും മന്ത്രിയുമായ ശ്രീ. എൻ. ശ്രീനിവാസൻ ഇതിൻറെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമല്ല. ഈ കമ്മിറ്റിക്കെതിരെ വ്യാപകമായ പ്രതിഷേധമുയർന്നിട്ടുണ്ട്. ഭരണ കക്ഷിയുടെ, പ്രത്യേകിച്ച് കോൺഗ്രസിൻറെ മെമ്പർമാരെ കുത്തിനിറച്ചുകൊണ്ടാണ് ഈ അതോറിറ്റി രൂപീകരിച്ചിരിക്കുന്നത്. ഈ അതോറിറ്റി പിരിച്ചു വിടുകയും നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും അംഗങ്ങളെ ഉൾപ്പെടുത്തി ഇതു പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ, കോട്ടയം വികസന അതോറിറ്റിയിൽ രാഷ്ട്രീയ പ്രതിനിധികൾക്ക് പ്രാതിനിധ്യം നൽകുന്നതിനുപകരം ഭരണകക്ഷിയിലുള്ള അംഗങ്ങളെ കുത്തി നിറയ്ക്കുവാൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിരിക്കുന്ന ആരോപണം. അത് ശരിയല്ല. വികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഏറ്റവും പ്രയോജനപ്പെടുമെന്ന് ഉത്തമബോദ്ധ്യമുള്ള ആളുകളെയാണ് അവിടെ എടുത്തിട്ടുള്ളത്. അല്ലാതെ രാഷ്ട്രീയ പരിഗണന വച്ചിട്ടില്ല. കോട്ടയം എം. പി. സുരേഷ്ക്കുറുപ്പ് ഇതിൽ അംഗമല്ല എന്നുള്ളതാണ് ഇവിടെ ഉന്നയിച്ചിരിക്കുന്ന മറെറാരു ആരോപണം. ടൗൺ പ്ലാനിംഗ് നിയമമനുസരിച്ചാണ് വികസന അതോറിറ്റി രൂപീകരിച്ചത്. എം. പി. മാരെ വികസന അതോറിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് നിബന്ധനകൾ അനുശാസിക്കുന്നില്ല. കോട്ടയം എം. എൽ. എ. യായ മന്ത്രി ശ്രീ. എൻ. ശ്രീനിവാസനെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ് മെമ്പർ സബ്മിഷനിലൂടെ ഉന്നയിച്ച മറെറാരു ആരോപണം. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗസംഖ്യ ചെയർമാനെകൂടാതെ പത്തായി പരിമിതപ്പെടുത്തേണ്ടതുള്ളതുകൊണ്ട് ഒരു എം. എൽ. എ. യെ മാത്രമേ ഉൾപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. വികസന അതോറിറ്റിയുടെ കാലാവധി ഒരു വർഷമാണ്. കാലാവധി തീരുന്നതിനു മുൻപ് അതോറിറ്റി പിരിച്ചു വിട്ട് പുനഃസംഘടന നടത്തണമെന്ന് ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

(2) വേന നിർമ്മാണ രംഗത്ത് തൊഴിലാളി യൂണിനുകളുടെ ഇടപെടൽ

ശ്രീ. [illegible]നകരൻ : സർ, ആലപ്പുഴയിലും പരിസര പ്രദേശങ്ങളിലുമുള്ള ഒരു സംഘം അങ്ങയുടെ ശ്രദ്ധയിൽ പെടുത്താനാഗ്രഹിക്കുകയാണ്. വെള്ളപ്പൊക്കദുരിതാശ്വാസത്തിൻറെ ഭാഗമെന്ന നിലയിൽ നടത്തുന്ന പ്രവർത്തനങ്ങളിലും എൻ. ജി. ഒ. മാരും അദ്ധ്യാപകരും ഇടത്തട്ടുകാരും സ്വന്തം വേനം

LIBRARY ARCHIVES Kerala Legislative Assembly